മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീമതി സുഗതകുമാരി ടീച്ചർ മലയാളത്തിന്റെ ഒരഭിമാനമാണ്. അവർക്ക് തികച്ചും അർഹിക്കുന്ന ഒരു അംഗീകാരമാണ് സരസ്വതി പുരസ്കാരം ലഭിച്ചതിൽക്കൂടി കിട്ടിയിരിക്കുന്നത്. സുഗതകുമാരി ടീച്ചർക്ക് മാത്രമല്ല മലയാളികൾക്കെല്ലാം അഭിമാനിക്കാനുള്ള ഒരു മുഹൂർത്തമാണിത്. ഈ നിയമസഭയുടെ സന്തോഷം പ്രകടിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കിയതിന് അങ്ങേക്ക് പ്രത്യേകമായ ഒരഭിനന്ദനംകൂടി പ്രകടിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ശ്രീമതി സുഗതകുമാരി ടീച്ചർക്ക് ഈ അവാർഡ് ലഭിച്ചതിൽ അവരെ അഭിനന്ദിക്കുന്ന ഒരു പ്രമേയം അവതരിപ്പിച്ചത് ഏറെ സന്തോഷത്തോടും ബഹുമാനത്തോടും കൂടിയാണ് ഞാൻ കാണുന്നത്. ഒട്ടേറെ കവിതകളിലൂടെ കേരളത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങൾ സീരിയസ്സായി സമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് അവർക്ക് കഴിഞ്ഞിട്ടുണ്ട്. ഏറ്റവും മനോഹരമായ കവിതകളാണ് സമൂഹത്തിന് സമർപ്പിച്ചിട്ടുള്ളത്. അങ്ങനെയുള്ള ശ്രീമതി സുഗതകുമാരി ടീച്ചറെ അഭിനന്ദിക്കുന്നതിന് അങ്ങും മുഖ്യമന്ത്രിയും എടുത്തിട്ടുള്ള സമീപനത്തെ അങ്ങേയറ്റം ബഹുമാനിക്കുന്നു. അവർക്ക് നല്ല പുരോഗതി ഉണ്ടാവുകയും ഇനിയും ഒട്ടേറെ കവിതകൾ സമൂഹത്തിന് കാഴ്ചവയ്ക്കാൻ കഴിയുകയും ചെയ്യട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

## III റൂളിംഗ്

### അടിയന്തരപ്രമേയത്തിന്റെ പ്രാധാന്യം സംബന്ധിച്ച്

മി. സ്പീക്കർ : റൂൾ 50 പ്രകാരം ഒരു നോട്ടീസ് കിട്ടിയിട്ടുണ്ട്. ബഹളം ഉണ്ടാക്കരുതെന്ന് ആദ്യംതന്നെ പറയുന്നു. ഞാൻ അനുവദിക്കുകയാണ്. അതിനു മുമ്പ് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ബഹളം ഉണ്ടാക്കുന്നു എന്ന അർത്ഥത്തിലല്ല പറഞ്ഞത്. ചെയർ അനുവദിക്കുന്നതിനുമുൻപ് അതിനുള്ള കാര്യമെന്താണെന്ന് പറയാം. അനുവദിക്കുന്നു എന്ന് അവസാനം പറയുന്നതിൽ കാര്യമില്ല. അടിയന്തര പ്രമേയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ വളരെ വ്യക്തമായ റൂളിംഗുകളും ധാരണകളുമൊക്കെയുണ്ട്. ഹൗസിന്റെ മുമ്പിലോ നമ്മുടെ മുമ്പിലോ ഉള്ളതാകാം. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഒരു കാരണവശാലും അടിയന്തരപ്രമേയം അനുവദിക്കാൻ പാടില്ല എന്ന റൂളിംഗുണ്ട്. 1973-ലുള്ള ഒരു റൂളിംഗ് ഞാൻ ഇവിടെ സൂചിപ്പിക്കാം. "Notices of Adjournment motions in respect of matters which are not before the House, but based merely on press reports, cannot be allowed". ഉടനെ അവർ വാക്കൗട്ട് നടത്തി. അതിന് ഇതിൽ പറയുന്നത്. Walk-out protesting against the Speaker's ruling would amount to an insult to the House. അപ്പോൾ സ്പീക്കർ പറഞ്ഞു, "To walk-out in protest against a decision of the Chair is an insult to the House". രണ്ടുംകൂടി ചേർത്ത് പറഞ്ഞതാണ്. ആദ്യം വാക്കൗട്ട് നടത്തിയതിനുശേഷം ചെയറിന്റെ നിരീക്ഷണം ഹൗസിനോടുള്ള ഇൻസൾട്ടാണെന്ന് അവർ പറഞ്ഞു. പക്ഷേ അതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നതാണ് ഹൗസിനോടുള്ള ഇൻസൾട്ടെന്ന് സ്പീക്കർ റൂൾ ചെയ്തു.

LIBRARY ARCHIVES.Kerala Legislative Assembly

രണ്ടും കൂടിയാണ് വായിച്ചത്. ഇത് 72-ലെ ഒരു റൂളിംഗാണ്. അപ്പോൾ അത് പാടില്ല എന്നുള്ളതാണ്. നമുക്ക് നമ്മുടെ കീഴ്‌വഴക്കങ്ങളുണ്ട്. പത്രവാർത്തയുടെ അടിസ്ഥാനത്തിലും പത്ര സമ്മേളനങ്ങളുടെ അടിസ്ഥാനത്തിലും ഉരുത്തിരിഞ്ഞ് വന്ന കാര്യമാണ് അടിയന്തരപ്രമേയത്തിനുള്ള വിഷയമായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇവിടെ രേഖാമൂലമായ പരാതികളൊന്നും ആർക്കും കിട്ടിയിട്ടില്ല എന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. അപ്പോൾ പത്രത്തിലും പത്രസമ്മേളനങ്ങളിലും വന്നിട്ടുള്ള വിഷയമാണ്. പക്ഷേ, ഇത് മുഖ്യമന്ത്രിക്കാണ് നോട്ടീസ് നൽകിയത്. അദ്ദേഹം മറുപടി പറയും. ഞാൻ നോട്ടീസ് വായിക്കാം.

## IV അടിയന്തരപ്രമേയം

### ഗാർഹിക പീഡനം

മി. സ്പീക്കർ : ഗാർഹിക പീഡനത്തിന് ഇരയായ സ്ത്രീ മന്ത്രിപത്നിയായിട്ടു പോലും പരാതി നിരസിച്ച മുഖ്യമന്ത്രിയുടെ നടപടിമൂലം ഗാർഹികപീഡന കേസുകളിൽ നീതി തേടുന്നവർ ഉൾപ്പെടെ ജനങ്ങളിലാകെ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. എ. പ്രദീപ്കുമാർ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഈ നോട്ടീസിന് ആധാരമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതല്ല. ശ്രീ. കെ. ബി. ഗണേഷ്കുമാറിന്റെ ഭാര്യ രണ്ടുപ്രാവശ്യം എന്നെവന്ന് നേരിട്ട് കാണുകയും അവരുടെ കുടുംബത്തിലെ തർക്കങ്ങളെക്കുറിച്ച് എന്നോട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അവർ ഒരു പരാതിയും എനിക്ക് തന്നിട്ടില്ല. നടപടി എടുക്കത്തക്കവിധത്തിലുള്ള ഒരു പരാതിയും പറഞ്ഞിട്ടുമില്ല. ചില മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു പ്രശ്നം ഇവിടെ അടിയന്തരപ്രമേയമായി കൊണ്ടുവരണമായിരുന്നോ എന്നുള്ളത് നിങ്ങൾ തന്നെ ആലോചിക്കേണ്ടതാണ്. ഏത് പ്രശ്നവും ചർച്ച ചെയ്യുന്നതിന് ഞങ്ങളാരും മടി കാണിക്കുന്നില്ല. പക്ഷേ, കുടുംബകാര്യങ്ങൾ പോലും സഭയിലെ അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്ന സാഹചര്യം ഉചിതമാണോ എന്ന് നിങ്ങൾ ആലോചിച്ചാൽ കൊള്ളാം. ഇത് വസ്തുതകൾക്ക് നിരക്കുന്നതല്ല.

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ്കുമാർ,.....(ബഹളം)....നോ പ്ലീസ്..., പ്ലീസ്. (ബഹളം)...യെസ്.....യെസ്.......പ്ലീസ്.....പ്ലീസ്...യെസ്.......നിങ്ങൾ എല്ലാവരുംകൂടി ബഹളം ഉണ്ടാക്കിയാൽ എങ്ങനെയാണ് ?......(ബഹളം)........... യെസ്........യെസ്......അതുതന്നെ......അതിവിടെ എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും ഉണ്ടാകാറുണ്ടല്ലോ ?....പ്ലീസ്.......പ്ലീസ്......ശ്രീ. സി. ദിവാകരൻ.....പ്ലീസ്.. ഞാനൊന്ന് പറയട്ടെ.... പ്ലീസ്.......ഇവിടെ അടിയന്തരപ്രമേയം അനുവദിച്ചിട്ടില്ല. അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയുടെ കാര്യത്തിൽ ചെയറിന്റെ



LIBRARY ARCHIVES Kerala Legislative Assembly